LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ - നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനം

134(2172) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ-നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ രംഗത്ത് പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വ്യവസായ-നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനത്തിനായി വിവിധ ഏജൻസികൾ മുഖേന വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ബി) ഈ രംഗത്ത് പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്നവ സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കിവരുന്നു.

പരമ്പരാഗത വ്യവസായ മേഖല

135(2173) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി, കൈത്തറി, പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിലെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തന ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായ രംഗത്തുള്ള ഓരോ പൊതുമേഖലാ സംരംഭങ്ങളുടെയും നഷ്ടവും ലാഭവും വിശദമാക്കാമോ;

(സി) ഓരോ മേഖലയിലും നിലവിൽ എത്ര പേർ സ്ഥിരം തൊഴിൽ ചെയ്യുന്നുണ്ട്; ഓരോ മേഖലയിലും തൊഴിൽ നഷ്ടപ്പെട്ടവർ എത്ര വീതം ; വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കശുവണ്ടി, കൈത്തറി, പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുക, ഉൽപ്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുക, ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തന ലക്ഷ്യങ്ങൾ. ആയതിലേയ്ക്കായി നിരവധി കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി, ഹാന്റ്ലൂം സെക്ടറിനെ ടൂറിസവുമായി ബന്ധപ്പെടുത്തികൊണ്ട് ഹാന്റ്ലൂം വില്ലേജ്, നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധന, കൈത്തറിവസ്ത്ര മേളകൾ, ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപ്പന്നങ്ങൾ നെയ്യുന്നതിന് നെയ്ത്തുകാർക്ക് പരിശീലനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനത്തിനായി പദ്ധതി, 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം, കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്നിവ കൈത്തറി മേഖലയിലെ നേട്ടങ്ങളാണ്. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച റിവൈവൽ റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപെക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കി. തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം കശുമാവ് കൃഷി വ്യാപിപ്പിക്കൽ, കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെയും നവീകരണം, കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, 2011-12 വർഷത്തിൽ തൊഴിലാളികൾക്ക് റിക്കാർഡ് തൊഴിൽദിനങ്ങൾ എന്നിവ കശുവണ്ടി മേഖലയിലെ നേട്ടങ്ങളാണ്. പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം വഴി പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിച്ചു. പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുന്നതിനായി സ്ലീവറിംഗ് യൂണിറ്റുകൾ, ബാംബു കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലൈൻഡ്സ്, ബാംബൂ സ്റ്റിപ്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഈറ്റവെട്ട് -പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി എന്നിവയും കഴിഞ്ഞ അഞ്ച് വർഷത്തെ നേട്ടങ്ങളാണ്.

പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യവികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കൽ, കരകൗശല മേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപ്പറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം, തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികൾ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ എന്നിവ കരകൗശല മേഖലയിലെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം, കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി, സംരംഭകർക്ക് മാർജിൻ മണി വായ്പ, കയറും കയർ ഉൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സബ്സിഡി, വില വ്യതിയാനം പരിഹരിക്കുന്നതിനായി ധനസഹായം തുടങ്ങിയവയാണ് കയർ മേഖലയിലെ നേട്ടങ്ങൾ. ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി, ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം, ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം, വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ്, ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റ്, ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി തുടങ്ങിയവ നേട്ടങ്ങളിൽ പ്രധാനമാണ്. ഒപ്പം ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരമ്പരാഗത വ്യവസായ രംഗത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ സഞ്ചിത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥാപനം	ലാഭം/നഷ്ടം(പ്രൊവിഷണൽ)
കൈത്തറി വികസന കോർപ്പറേഷൻ	67.9598 കോടി രൂപ നഷ്ടം
കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ	372.41 കോടി രൂപ നഷ്ടം
കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ	27.9212 കോടി രൂപ നഷ്ടം
കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ	0.8039 കോടി രൂപ ലാഭം
കേരള കരകൗശല വികസന കോർപ്പറേഷൻ	9.867 കോടി രൂപ നഷ്ടം
കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ	10.1462 കോടി രൂപ ലാഭം.
ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്.	2.9469 കോടി രൂപ നഷ്ടം
കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി	0.13 കോടി രൂപ ലാഭം

(സി) പരമ്പരാഗത കൈത്തറി മേഖലയിൽ 29044 തൊഴിലാളികളും അവരുടെ കുടുംബങ്ങളും ജോലി ചെയ്തു ജീവിക്കുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ 12389 പേരും ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപെക്സിൽ ഏകദേശം 4400 പേരും പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്തുവരുന്നു. പരമ്പരാഗത കയർമേഖലയിൽ 3.75 ലക്ഷം തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ ആശ്രയിച്ച് പതിനായിരത്തോളം പനമ്പ് നെയ്ത്ത് തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കേരള ഖാദി-ഗ്രാമവ്യവസായ മേഖലയിൽ ഒന്നര ലക്ഷത്തോളം പേരും പരമ്പരാഗത കരകൗശല മേഖലയിൽ പതിനായിരത്തോളം കുടുംബങ്ങളും ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. ഓരോ മേഖലയിലും തൊഴിൽ നഷ്ടപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly